പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5772 — 02.07.2014 ന് മറുപടിയ്ക്ക്

## വയനാട് ജില്ലയിലെ അന്താരാഷ്ട്ര നിലവാരത്തിലുള്ള ഐ.ടി.ഐ. കൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എം.വി. ശ്രേയാംസ് കുമാർ : | ശ്രീ. ഷിബു ബേബിജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി) |
| (എ) ഐ.ടി.ഐ. കളെ അന്താരാഷ്ട്ര നിലവാരത്തിലാക്കാൻ പദ്ധതി യുണ്ടോ; വിശദമാക്കുമോ ; | (എ) ഉണ്ട്. അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനായി ഐ.ടി.ഐ. കളിൽ നടപ്പാക്കിയിട്ടുള്ള Virtual Class Room, 3DM Courses, Centres of Excellence (CoE), Private Public Partnership Projects എന്നിവയോടൊപ്പം കേരള അക്കാഡമി ഫോർ സ്കിൽസ് എക്സലൻസ് (KASE) വഴി ഒരു അന്താരാഷ്ട്ര നൈപുണ്യം ഉച്ചകോടി 2014 ജനുവരിയിൽ സംഘടിപ്പിച്ചു. വ്യാവസായ ശാലകൾക്ക് ആവശ്യമുള്ള ലോകനിലവാരമുള്ള Multiskilled ട്രെയിനികളെ വാർത്തെടുക്കുക എന്ന ലക്ഷ്യത്തോടെ ലോകബാങ്കിന്റെ സഹായത്തോടെ മികവിന്റെ കേന്ദ്രങ്ങളാക്കുന്ന പദ്ധതിയിൽ കേരളത്തിൽ നിന്ന് 7 ഐ.ടി.ഐ.കളെ തെരഞ്ഞെടുത്തിട്ടുണ്ട്. (ഐ.ടി.ഐ ധനുവച്ചപുരം, ഐ.ടി.ഐ. (വനിത) കൊല്ലം, ഐ.ടി.ഐ. പള്ളിക്കത്തോട്, ഐ.ടി.ഐ. മലമ്പുഴ, ഐ.ടി.ഐ. ആര്യനാട്, ഐ.ടി.ഐ. കൊയിലാണ്ടി, ഐ.ടി.ഐ. കൽപ്പറ്റ) |
| (ബി) ഐ.ടി.ഐ. കളെ അന്താരാഷ്ട്ര നിലവാരത്തിലേക്കുയർത്തുന്ന പദ്ധതി യിൽ വയനായ് ജില്ലയിൽ നിന്ന് ഏതെങ്കിലും ഐ.ടി.ഐ.കളെ തെര ഞ്ഞെടുത്തിട്ടുണ്ടോ; വ്യക്തമാക്കുമോ ; | (ബി) വയനാട് ജില്ലയിൽ നിന്നും പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി കൽപ്പറ്റ ഐ.ടി.ഐ.യെ തെരഞ്ഞെടുത്തിട്ടുണ്ട്. |
| (സി) ഈ പദ്ധതിയിലേയ്ക്ക് ഐ.ടി.ഐ. കളെ തെരഞ്ഞെടു ക്കുന്നതിന് എന്തെല്ലാം മാനദണ്ഡ ങ്ങളാണ് ഉള്ളതെന്ന് വ്യക്ത മാക്കുമോ? | (സി) ഐ.ടി.ഐ. കളെ ഇൻഡസ്ട്രികളുമായി ബന്ധപ്പെട്ടു ത്തുന്നതിനും നൂതന പരിശീലന പദ്ധതികൾ അവലംബിക്കുന്നതിനും പ്രധാനമായും നിഷ്കർഷിച്ചിട്ടുള്ളത് സ്ഥല സൗകര്യവും മറ്റു അടിസ്ഥാന സൗകര്യങ്ങളുമാണ്. |

സെക്ഷൻ ഓഫീസർ